പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 56

# 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 56

# 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ

<u>പതിനഞ്ചാം കേരള നിയമസഭ</u>

<u>ബിൽ നമ്പർ 56</u>

# 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ

1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റ് ഭേദഗതി

<u>ചെയ്യുന്നതിനുള്ള</u>

ഒരു

ബിൽ

<u>പീഠിക</u>.—1963-ലെ കേരള പൊതു വില്പന നികുതി ആക്റ്റ് (1963-ലെ 15) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2021-ലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 മേയ് 16-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>പട്ടികയ്ക്കുള്ള ഭേദഗതി</u>.—1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റിന്റെ (1963-ലെ 15) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) പട്ടികയിൽ, ക്രമനമ്പർ 2-ൽ, 'വിദേശമദ്യം' എന്ന ശീർഷകത്തിനുകീഴിൽ, (i), (ii), (iii), (iv) എന്നീ ഉപ ഉൾക്കുറിപ്പുകൾക്കും (v)-ാം ഉപ ഉൾക്കുറിപ്പിന്റെ (എ), (ബി) എന്നീ ഉപ ഇനങ്ങൾക്കും, എതിരെയുള്ള "27, 80, 102, 72, 212, 202" എന്നീ ഉൾക്കുറിപ്പുകൾക്ക് പകരം യഥാക്രമം "37, 115, 112, 82, 247, 237" എന്നീ ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്.".

3. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 105) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

1497/2021.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റിന്റെ, പട്ടികയിൽ വിദേശ മദ്യത്തിൻ കീഴിൽ, രാജ്യത്തിന് പുറത്ത് നിന്ന് ഇറക്കുമതി ചെയ്യുതും 1962-ലെ കസ്റ്റംസ് ആക്റ്റ് പ്രകാരമുള്ള ഡ്യൂട്ടി നൽകപ്പെട്ടതുമായ കുപ്പിയിലാക്കിയ വൈനിന് 27 ശതമാനവും, രാജ്യത്തിന് പുറത്ത് നിന്ന് ഇറക്കുമതി ചെയ്യുതും 1962-ലെ കസ്റ്റംസ് ആക്റ്റ് പ്രകാരമുള്ള ഡ്യൂട്ടി നൽകപ്പെട്ടതുമായ, വൈൻ അല്ലാതെയുള്ള കുപ്പിയിലാക്കിയ വിദേശമദ്യത്തിന് 80 ശതമാനവും, (ii)-ാം ഉപ ഉൾക്കുറിപ്പിൻ കീഴിൽ ഉൾപ്പെടാത്ത ബിയറിന് 102 ശതമാനവും, (i)-ാം ഉപ ഉൾക്കുറിപ്പിൽ ഉൾപ്പെടാത്ത വൈനിന് 72 ശതമാനവും, (i), (ii), (iii), (iv) എന്നീ ഉപ ഉൾക്കുറിപ്പുകളിൽ ഉൾപ്പെടാത്തതും കെയ്സ് ഒന്നിന് 400 രൂപയോ അതിൽ കൂടുതലോ ക്രയമൂല്യം ഉള്ളതുമായ വിദേശ മദ്യത്തിന് 212 ശതമാനവും, കെയ്സ് ഒന്നിന് 400 രൂപ വരെ ക്രയമൂല്യം ഉള്ള വിദേശ മദ്യത്തിന് 202 ശതമാനവും നികുതി നിരക്കാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

2. കോവിഡ്-19 രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ ലോക്ഡൗണിനെ തുടർന്ന് എല്ലാ നികുതി വരുമാനങ്ങളിലും വൻതോതിലുള്ള കുറവുണ്ടായി. പിരിച്ചെടുത്ത നികുതി വരുമാനത്തിന്റെ ഭൂരിഭാഗവും കോവിഡ്-19 രോഗവ്യാപനം തടയുന്നതിനായി വിനിയോഗിച്ചു. ഈ സാഹചര്യം തരണം ചെയ്യുന്നതിന് അധികവരുമാനം കണ്ടെത്തേണ്ടത് ആവശ്യമായിരുന്നു. അധിക വരുമാനം ലഭിക്കുന്നതിനായി വിദേശ മദ്യമായ കുപ്പിയിലാക്കിയ വൈൻ, രാജ്യത്തിന് പുറത്തുനിന്ന് ഇറക്കുമതി ചെയ്തിട്ടുള്ളതല്ലാത്ത കുപ്പിയിലാക്കിയ വിദേശ മദ്യം, ബിയർ മുതലായവയുടെ വില്പന നികുതി നിരക്ക് വർദ്ധിപ്പിക്കുന്നത് ആവശ്യമായി വന്നു. 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റിലും (1963-ലെ 15) തത്ഫലമായി ഭേദഗതി കൊണ്ടുവരേണ്ടതായി വന്നു.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2020-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ഓർഡിനൻസ് 2020 മേയ് 15-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020-ലെ 33-ാം നമ്പർ ഓർഡിനൻസായി 2020 മേയ് 16-ാം തീയതിയിലെ 1197-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. 2020 ആഗസ്റ്റ് 24-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2020-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ഓർഡിനൻസ് (2020-ലെ 48) 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 സെപ്റ്റംബർ 29-ാം തീയതിയിലെ 2213-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

6. 2020 ഡിസംബർ 31-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളന കാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 276-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 18) 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 10-ാം തീയതിയിലെ 665-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

9. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 60) 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 2-ാം തീയതിയിലെ 1929-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

10. 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളന കാലത്ത് പ്രസ്തുത

ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ 31-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

11. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 105) 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 25-ാം തീയതിയിലെ 2483-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

12. 2021-ലെ 105-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കെ. എൻ. ബാലഗോപാൽ.

(ശരിത്തർജ്ജമ)

# 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റിൽ (1963-ലെ 15) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## പട്ടിക

[5(1)-ാം വകുപ്പ്]

5-ാം വകുപ്പ് പ്രകാരം നികുതി ചുമത്താവുന്ന സാധനങ്ങൾ

| ക്രമ നമ്പർ | ഉപ ഉൾക്കുറിപ്പ് | സാധനങ്ങളുടെ വിവരണം | നികുതിയുടെ നിരക്ക് (ശതമാനം) |
|---|---|---|---|
| 1 | | പെട്രോളിയം ഉൽപ്പന്നങ്ങൾ | |
| ** | ** | ** | ** |
| 2 | | വിദേശമദ്യം | |
| | (i) | രാജ്യത്തിന് പുറത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നതും 1962-ലെ കസ്റ്റംസ് ആക്റ്റ് പ്രകാരമുള്ള ഡ്യൂട്ടി നൽകപ്പെട്ടതുമായ കുപ്പിയിലാക്കിയ വൈൻ | 27 |
| | (ii) | രാജ്യത്തിന് പുറത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നതും 1962-ലെ കസ്റ്റംസ് ആക്റ്റ് പ്രകാരമുള്ള ഡ്യൂട്ടി നൽകപ്പെട്ടതുമായ, വൈൻ ഒഴികെയുള്ള കുപ്പിയിലാക്കിയ വിദേശമദ്യം | 80 |
| | (iii) | മുകളിലെ (ii)-ാം ഉപ ഉൾക്കുറിപ്പിൻ കീഴിൽ ഉൾപ്പെടാത്ത ബിയർ | 102 |
| | | മുകളിലെ (i)-ാം ഉപ ഉൾക്കുറിപ്പിൽ ഉൾപ്പെടാത്ത വൈൻ | |
| | (iv) | മുകളിലെ (i), (ii), (iii), (iv) എന്നീ ഉപ ഉൾക്കുറിപ്പുകളിൽ ഉൾപ്പെടാത്ത | 72 |
| | (v) | (എ) കെയ്സ് ഒന്നിന് 400 രൂപയോ അതിൽ കൂടുതലോ ക്രയമൂല്യം ഉള്ള വിദേശ മദ്യം | 212 |
| | | (ബി) കെയ്സ് ഒന്നിന് 400 രൂപ വരെ ക്രയമൂല്യം ഉള്ള വിദേശ മദ്യം | 202 |
| ** | ** | ** | ** |